# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
### നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 99 04.02.2019-ൽ മറുപടിക്ക്

### സമഗ്ര വ്യക്തിത്വ വികസനം സാധ്യമാക്കുന്ന വിദ്യാഭ്യാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ബാബു<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ.ഐ.ബി. സതീഷ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പത്താംക്ലാസിൽ വരെ പഠന മികവ് പുലർത്തിയിരുന്ന കുട്ടികൾ പോലും ഹയർസെക്കന്ററി തലത്തിൽ പിന്നാക്കം പോകുന്ന പ്രശ്നം പരിഹരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പരിപാടി അറിയിക്കാമോ; | (എ) പത്താം ക്ലാസ്സിൽ വരെ പഠനമികവ് പുലർത്തിയിരുന്ന കുട്ടികൾ ഹയർസെക്കന്ററി തലത്തിൽ പിന്നോക്കം പോകുന്നതായുള്ള പഠന റിപ്പോർട്ടുകളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല. എന്നിരുന്നാലും ഹയർ സെക്കന്ററി തലത്തിലെ കുട്ടികളുടെയും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) ഹയർ സെക്കന്ററിയിലേക്ക് പ്രവേശിക്കുമ്പോൾ മലയാളം മാധ്യമത്തിൽ നിന്ന് ഇംഗ്ലീഷ് മാധ്യമത്തിലേക്ക് നിർബന്ധിതമായി മാറേണ്ടി വരുന്നതാണ് പ്രശ്നമെന്ന് ലഘൂകരിക്കാതെ പത്താംക്ലാസ് വരെയുള്ളതും ഹയർസെക്കന്ററി തലത്തിലെയും പാഠ്യപദ്ധതികൾ തമ്മിലുള്ള വിടവ് ക്രമാനുഗതമായതാക്കിത്തീർക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ; | (ബി) ഉണ്ട്. മാധ്യമ മാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കഴിയുന്ന വിധത്തിൽ പാഠപുസ്തകങ്ങൾ മലയാളത്തിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആശയങ്ങളുടെ തുടർച്ചയിൽ ഏതെങ്കിലും തരത്തിലുള്ള പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പരിഹരിക്കുന്നതാണ്. |
| (സി) ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടാൻ വിദ്യാർത്ഥികളെ സഹായിക്കുന്നതോടൊപ്പം മാതൃഭാഷയിൽ ശാസ്ത്ര, മാനവിക വിഷയങ്ങൾ സരളമായി കൈകാര്യം ചെയ്യാനുള്ള ശേഷി കൈവരിക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; | (സി) വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പ്രാവിണ്യം വർദ്ധിപ്പിക്കാൻ വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ലളിതമായ മലയാളത്തിൽ ഏതു വിഷയവും അവതരിപ്പിക്കാനുള്ള ശേഷി അധ്യാപകർക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്. അതിന്റെ ആദ്യപടി എന്ന നിലയിൽ ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ |

അധ്യാപകരുടെ പങ്കാളിത്തത്തോടെ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി വരുന്നു. കൂടാതെ നടപ്പുവർഷം മുതൽ ആരംഭിച്ചിട്ടുള്ള സമഗ്ര അധ്യാപക പരിവർത്തന പരിപാടിയിൽ ശാസ്ത്ര മാനവിക വിഷയങ്ങൾ സരളമായി കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കുന്ന തരത്തിലുള്ള കാര്യങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പഠനം പീഢനമായി മാറിക്കൊണ്ടിരിക്കുന്നതിനാൽ വിദ്യാഭ്യാസം കമ്പോളതാല്പര്യാധിഷ്ഠിതമെന്ന നിലയിൽ നിന്ന് സമഗ്ര വ്യക്തിത്വ വികസനം സാധ്യമാക്കുന്ന നിലയിലേക്ക് പരിണമിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ?

(ഡി) വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെയും പ്രക്രിയയെയും കമ്പോളം വലിയ തോതിൽ സ്വാധീനിക്കുന്നതായി നിരീക്ഷിക്കപ്പെടുന്നു. കമ്പോളത്തിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ച് വിദ്യാർത്ഥികളെ പാകപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായാണ് പഠനം പീഢനമായി മാറുന്നത്. സമഗ്രവികാസം എന്ന ലക്ഷ്യത്തിലേക്ക് ഉയരുന്ന വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അന്വേഷണങ്ങളാണ് പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി നടത്തുന്നത്.

**സെക്ഷൻ ഓഫീസർ**